പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 180</u> <u>18.06.2012 ൽ മറുപടിക്ക്</u>

<u>പോലീസ് വാഹനങ്ങളിലെ സൺ ഫിലിം നീക്കം ചെയ്യാൻ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>,, പി.ബി. അബ്ദുൾ റസാക്<br>,, എൻ. എ. നെല്ലിക്കുന്ന്<br>,, കെ.എം. ഷാജി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) മോട്ടോർ വാഹനങ്ങളിൽ കാഴ്ച മറയ്ക്കും വിധമുള്ള കറുത്ത ഗ്ലാസ്സ് ഘടിപ്പിക്കുന്നതിനെതിരെ മോട്ടോർ വാഹന നിയമത്തിൽ നിലവിലുള്ള വ്യവസ്ഥ കർശനമായി നടപ്പാക്കണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോലീസ് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) സുപ്രീംകോടതി ഉത്തരവിനനുസൃതമായി നടപടി സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പോലീസ് വകുപ്പിന്റെ വാഹനങ്ങളിൽ സൺഫിലിം ഒട്ടിച്ചിരുന്നത് നീക്കം ചെയ്തു കഴിഞ്ഞോ; | (ബി) ഔദ്യോഗിക വാഹനങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |
| (സി) സൺ ഫിലിം നീക്കം ചെയ്തു കഴിഞ്ഞ പോലീസ് വകുപ്പിന്റെ വാഹനങ്ങളിൽ കർട്ടൻ ഉപയോഗിച്ച് വീണ്ടും ഗ്ലാസ്സുകൾക്ക് മറ തീർക്കാൻ ശ്രമം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) പുറത്തുനിന്നുള്ള കാഴ്ച മറയാത്ത രീതിയിൽ ചുരുക്കം ചില വാഹനങ്ങളിൽ കർട്ടൻ ഉപയോഗിച്ചിട്ടുണ്ട്. |
| (ഡി) വാഹനങ്ങളിലെ ഗ്ലാസ്സുകൾക്ക് ഒരു വിധത്തിലുള്ള മറയും പാടില്ലെന്ന നിയമം നിലനിൽക്കുകയും ആ നിയമം നടപ്പാക്കണമെന്ന് സുപ്രീം കോടതി നിഷ്കർഷിക്കുകയും ചെയ്ത ശേഷവും നിയമപാലകർ അതു ലംഘിക്കുന്നത് ഗൗരവപൂർവ്വം വീക്ഷിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുമോ? | (ഡി) നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ